ഖുത്ബ
**3.9.2004**
സ്വിറ്റ്സർലാൻഡ്

بسم الله الرحمن الرحيم

# 'സലാം' വ്യാപകമായി നടപ്പിൽ വരുത്തുക എന്നത് ഓരോ അഹ്മദിയുടെയും നിർബന്ധ കടമയാണ്.

يا أيها الذين آمنوا لا تدخلوا بيوتا غير بيوتكم حتى تستأنسوا وتسلموا على أهلها ذلكم خير لكم لعلكم تذكرون
فإن لم تجدوا فيها أحدا فلا تدخلوها حتى يؤذن لكم وإن قيل لكم ارجعوا فارجعوا هو أزكى لكم والله بما تعملون عليم

ഈ വചനങ്ങളുടെ അർത്ഥം ഇങ്ങനെയാണ്. "വിശ്വസിച്ചവരേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ, ആ വീട്ടുകാരോട് അനുമതി ചോദിക്കുകയും അവർക്ക് സലാം ചൊല്ലുകയും ചെയ്തിട്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. അതാണ് നിങ്ങൾക്ക് ഗുണകരം; നിങ്ങൾ ഉപദേശം സ്വീകരിക്കുന്നതിനുവേണ്ടി. ആ വീട്ടിൽ നിങ്ങൾ ആരെയും കണ്ടെത്തിയില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നതുവരെ നിങ്ങളതിൽ പ്രവേശിക്കരുത്. നിങ്ങൾ മടങ്ങിപ്പോകുക എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ മടങ്ങിപ്പോകുക. അത് നിങ്ങൾക്ക് ഏറ്റവും പരിശുദ്ധമായ രീതിയാണ്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിവുള്ളവനാകുന്നു." (24: 28,29)

ഓരോ സമൂഹത്തിലും പരസ്പരം കണ്ടുമുട്ടുമ്പോൾ പാലിക്കപ്പെടുന്ന ചില മര്യാദകളുണ്ട്. നല്ല രീതിയിൽ കണ്ടുമുട്ടുന്നവരെ സൽസ്വഭാവത്തിന്റെ ഉടമസ്ഥരെന്ന് മനസ്സിലാക്കുന്നു. സൽസ്വഭാവികൾ തമ്മിൽ കാണുമ്പോൾ പരസ്പരം മുഖത്ത് സന്തോഷവും പ്രസന്നതയും ഉണ്ടാകുന്നു. പരസ്പരം പരിചയമില്ലെങ്കിൽ തന്നെ മുഖത്ത് ഒരു സൗമ്യതാഭാവം കാണാൻ കഴിയും. മര്യാദയോടുകൂടി നല്ലനിലയിൽ പെരുമാറാത്തവനോട് പൊതുവെ ജനങ്ങൾ വെറുപ്പാണ് പ്രകടിപ്പിക്കുന്നത്. 'അവൻ ദുഷ്പെരുമാറ്റക്കാരനാണ്, ഒരു കാര്യത്തിനുവേണ്ടിയാണ് പോയത് പക്ഷെ വളരെ മോശമായിട്ടാണ് പെരുമാറിയത്, ദുസ്സ്വഭാവത്തിന്റെ ഉടമയാണ്, പറഞ്ഞകാര്യം ചെയ്തില്ലെങ്കിൽ പോകട്ടെ നന്നായിട്ടു മനുഷ്യനോട് പെരുമാറിക്കൂടെ' തുടങ്ങി പലതും അവനെക്കുറിച്ച് ജനങ്ങൾ പറയാൻ തുടങ്ങും.

നല്ല സ്വഭാവത്തോടുകൂടി പെരുമാറാത്തവനെ സംബന്ധിച്ച് ഇത്തരം കാര്യങ്ങൾ മനസ്സിൽ വന്നുകൊണ്ടിരിക്കുന്നു. വിവിധ സമൂഹങ്ങളിൽ പരസ്പരം കണ്ടുമുട്ടുന്ന നേരത്ത് വിവിധ ചേഷ്ടകളിലൂടെ, പ്രകടനത്തിലൂടെ അഭിവാദ്യങ്ങൾ അർപ്പിക്കാറുണ്ട്. ചിലർ തലകുനിച്ചുകൊണ്ട് തന്റെ വികാരം പ്രകടിപ്പിക്കുന്നു. ചിലർ കുമ്പിട്ടുനിന്നും ചിലർ കൈകൂപ്പിയും കണ്ടുമുട്ടിയതിലുള്ള സന്തോഷം വെളിവാക്കുന്നു. പിന്നീട് വിശേഷം അന്വേഷിച്ചുകൊണ്ട് ഹസ്തദാനവും ചെയ്യാറുണ്ട്. എന്നാൽ, ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ള രീതി സലാം പറയുക എന്നതാണ്. ഇസ്‌ലാമിക സമൂഹത്തിൽ ഓരോ വ്യക്തിയും ഇത് നടപ്പിൽ വരുത്തേണ്ടതാണ്. അതായത് പരസ്പരം സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുക. സമാധാനത്തിനുവേണ്ടി എങ്ങനെ ദുആ ചെയ്യണമെന്നും വിശദീകരിച്ചു പറഞ്ഞിട്ടുണ്ട്. സലാം പറയുന്നയാൾക്ക് സലാം കേൾക്കുന്നയാൾ അതേപോലെ മറുപടി നല്കേണ്ടതാണ്. കഴിയുമെങ്കിൽ അതിനെക്കാൾ ഉത്തമമായ വാക്കുകളിൽ മറുപടി നല്കേണ്ടതാണ്. ഇപ്രകാരം നിങ്ങൾ പരസ്പരം സലാം പറയുമ്പോൾ, സദ്വികാരത്തോടെ, പരസ്പരം ദുആ ചെയ്യുമ്പോൾ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും അന്തരീക്ഷവും നിങ്ങളിലുണ്ടാകും. ഇസ്‌ലാമിക സമൂഹം സമാധാനവും ശാന്തിയും പരത്തുന്ന സമൂഹമാണ്. അതുകൊണ്ട് നിങ്ങൾ ആരെയെങ്കിലും കാണാൻ ചെല്ലുമ്പോൾ ചിലകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം മനുഷ്യന്റെ അവസ്ഥകൾ വിവിധ സമയങ്ങളിൽ വിഭിന്നങ്ങളായിരിക്കും. അതുകൊണ്ട് ഏതെങ്കിലും വീട്ടിൽ ചെന്നാൽ, വീട്ടിലുള്ളവർ നിങ്ങളുടെ സലാമിന് മറുപടി പറയുന്നില്ലെങ്കിൽ, അല്ലെങ്കിൽ നിങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് നിങ്ങളോടു പെരുമാറുന്നില്ലെങ്കിൽ നിങ്ങൾ അതിനെ വെറുക്കേണ്ടകാര്യമില്ല. അവരോട് പകരം ചോദിക്കാനും പോകേണ്ട. നിശബ്ദനായി തിരിച്ചുപോകുക. ഇങ്ങനെ നിങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ എല്ലായിടത്തും സമാധാനം വിതറുന്നവരും സമാധാനം നിറഞ്ഞ സമൂഹം സ്ഥാപിക്കുന്നവരുമായിത്തീരുന്നതാണ്.

ഞാനോതിയ രണ്ടു ഖുർആനിക വചനവും അതിന്റെ തർജ്ജമയും നിങ്ങൾ കേട്ടുകഴിഞ്ഞു. ഇതിൽ ഇസ്‌ലാമിന്റെ മനോഹരമായ സാമൂഹിക

ജീവിതത്തെ സ്ഥാപിക്കുന്നതിനും പരസ്പരമുള്ള ബന്ധങ്ങൾ എപ്പോഴും നന്നായി കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി ചില സുന്ദരമായ ഉപദേശങ്ങളാണ് നല്കിയിട്ടുള്ളത്.

ഒന്നാമതായി പറഞ്ഞത്, നിങ്ങളുടെ പ്രവർത്തനമേഖല നിങ്ങളുടെ സ്വന്തം വീട് മാത്രമാണെന്നാണ്. നിങ്ങൾക്ക് സ്വതന്ത്രമായി പ്രവേശിക്കാൻ എവിടെയെങ്കിലും അനുവാദമുണ്ടെങ്കിൽ അത് നിങ്ങളുടെ വീട്ടിൽ മാത്രമാണ്. മറ്റുള്ളവരുടെ വീട്ടിൽ മുഖം ഉയർത്തിപ്പിടിച്ച് കയറിച്ചെല്ലാതിരുന്നാൽ ഒരുപാട് ദുഷ്പേരുകളിൽ നിന്ന് നിങ്ങൾക്കു രക്ഷകിട്ടുന്നതാണ്. ആരെയെങ്കിലും കാണുന്നതിനുവേണ്ടി, എന്തെങ്കിലും കാര്യസാധ്യത്തിനുവേണ്ടി ഏതെങ്കിലും വീട്ടിൽ കയറണമെങ്കിൽ, ആദ്യം ആ വീട്ടുകാരോട് അനുവാദം വാങ്ങുക. അനുവാദം വാങ്ങുന്നതുകൊണ്ട് ഒരുപാട് നേട്ടങ്ങളുണ്ട്. അനുവാദം കൂടാതെ ഏതെങ്കിലും വീട്ടിൽച്ചെന്നാൽ നിങ്ങളുടെ മേൽ എന്തെങ്കിലും ദുരാരോപണം ഉണ്ടാകാനിടയുണ്ടെന്ന് വരെ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) എഴുതിയിട്ടുണ്ട്. കള്ളനെന്ന ആരോപണവുമുണ്ടാകാം. അതുകൊണ്ട് അനുവാദം വാങ്ങുന്നത് അഭിമാനത്തെ ഹനിക്കുന്ന പ്രശ്നമായി എടുക്കേണ്ടകാര്യമില്ല. നിങ്ങൾക്കുതന്നെ ഇതിൽ നേട്ടങ്ങളാണുള്ളത്. വീട്ടുകാരുമായിട്ടുള്ള ബന്ധങ്ങളിലും ഇതുമുഖേന നേട്ടമുണ്ടാകും. അനുവാദം വാങ്ങുന്നതിനുള്ള രീതി എന്താണെന്നുള്ളതാണ് വളരെ പ്രധാനപ്പെട്ടകാര്യം.

സലാം പറഞ്ഞുകൊണ്ട് അനുവാദം വാങ്ങാനാണ് പറഞ്ഞിട്ടുള്ളത്. ഉച്ചത്തിൽ സലാം പറയുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ നബി (സ) തിരുമേനി വീട്ടിൽ വിശ്രമിക്കുകയായിരുന്നു. ഒരാൾ വന്ന് വാതിലിൽ മുട്ടി വിളിക്കുകയും ഉള്ളിൽ കടക്കാൻ അനുവാദം ചോദിക്കുകയും ചെയ്തു. അപ്പോൾ അനുവാദം ചോദിക്കേണ്ടതെങ്ങനെയെന്ന് അയാളെ പഠിപ്പിക്കാൻ നബി (സ) തന്റെ പരിചാരകരോട് പറഞ്ഞു. അതെന്താണ്? ആദ്യം സലാം പറയുക. പിന്നീട് അകത്തു പ്രവേശിക്കാൻ അനുവാദം വാങ്ങുക. കാരണം ഈ രീതി അവലംബിക്കുമ്പോൾ നിങ്ങൾ നിങ്ങളെ പരിശുദ്ധരാക്കുകയും വീട്ടുകാർക്ക് സമാധാനത്തിനായി ദുആ ചെയ്യുകയുമാണ് ചെയ്യുന്നത്. ഈ സലാം പറയുമ്പോൾ വീട്ടുകാർക്ക് സമാധാനത്തിന്റെ സന്ദേശമാണ് നിങ്ങൾ നല്കുന്നത് ആ വീട്ടുകാർക്ക് സമാധാനം ഉണ്ടാക്കുന്നവനായിത്തീരണം എന്ന ബോധവും സലാം പറയുന്നവനുണ്ടാകുന്നു; അവരോട് നല്ല രീതിയിൽ ബന്ധം വയ്ക്കണമെന്നും. വീട്ടുകാരും മറുപടി നല്കുന്നത് സമാധാന സന്ദേശം തന്നെയാണ്. ഇപ്രകാരം ഇരുവശത്തും സ്നേഹവികാരത്തിന്റെ അന്തരീക്ഷം ഉണ്ടാകുന്നു. സലാം പറഞ്ഞുകൊണ്ട് വീട്ടിൽ പ്രവേശിക്കുക എന്നതിനെ സംബന്ധിച്ചുള്ള മറ്റൊരു നിവേദനം ഇങ്ങനെയാണ്. ഹസ്റത്ത് ജാബിർ (റ) നിവേദനം ചെയ്യുന്നു. ഞാൻ നബി (സ) തിരുമേനിയുടെ അടുത്തേക്ക് എന്റെ പിതാവിന്റെ കടത്തെ സംബന്ധിച്ച് സംസാരിക്കുന്നതിനായി പോയി. നബി (സ) യുടെ അടുത്ത് ചെന്ന് ഞാൻ വാതിലിൽ മുട്ടി. അന്നേരം അവിടന്ന് ചോദിച്ചു. 'ആരാണത്?' ഞാനാണിതെന്ന് മറുപടി പറഞ്ഞപ്പോൾ, നബി (സ) പറഞ്ഞു: ഞാൻ? ഞാൻ? (ഞാൻ അങ്ങനെ പറഞ്ഞത്) നബി (സ) തിരുമേനിയ്ക്ക് ഇഷ്ടമില്ലാത്തതുപോലെ തോന്നി. (ബുഖാരി, മുസ്‌ലിം)

സലാം പറയാതെ കണ്ട് ആരെങ്കിലും പരിചയപ്പെടുന്നതും തോന്നിയതുപോലെ വീട്ടിൽ പ്രവേശിക്കാൻ ശ്രമിക്കുന്നതും നബി (സ) ഇഷ്ടപ്പെട്ടിരുന്നില്ല. ഇതു സംബന്ധിച്ച് അല്ലാഹുവിന്റെ വ്യക്തമായ കല്പനയുണ്ട്. അല്ലാഹു പറയുന്നു:

فَإِذَا دَخَلْتُم بُيُوتًا فَسَلِّمُوا عَلَىٰ أَنفُسِكُمْ تَحِيَّةً مِّنْ عِندِ اللَّهِ
مُبَارَكَةً طَيِّبَةً ۚ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمُ الْآيَاتِ لَعَلَّكُمْ تَعْقِلُونَ

"നിങ്ങൾ വീടുകളിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിൽ നിന്നുള്ള അനുഗൃഹീതവും പരിശുദ്ധവുമായ ഒരു അഭിവാദ്യമെന്ന നിലയ്ക്ക് നിങ്ങളുടെ ആളുകൾക്ക് സലാം ചൊല്ലുക." (24:62)

നിങ്ങൾ വീടുകളിൽ പ്രവേശിക്കുമ്പോൾ നിങ്ങൾ നിങ്ങൾക്കുതന്നെ ആദ്യം സലാം പറയണം. ഇതു സംബന്ധമായി ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: അതായത് ആ വീടുകളിൽ പാർക്കുന്ന നിങ്ങളുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സലാം പറയുക.

ഓർമിക്കുക, ഇതു നിങ്ങളുടെ വെറും വായകൊണ്ടുള്ള സലാമല്ല. പ്രത്യുത ഇത് അല്ലാഹുവിൽ നിന്നുള്ള വളരെ വലിയ സമ്മാനമാണ്. അതായത്, സലാം എന്ന പദം പ്രത്യക്ഷത്തിൽ നിസ്സാരമായി തോന്നാം എന്നാൽ അത് മഹത്തായ ഫലമുളവാക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ സലാം എന്ന പദത്തിന്റെ പിന്നിൽ അല്ലാഹുവിൽനിന്ന് സമാധാനമുണ്ടാകുമെന്ന വാഗ്ദാനമുണ്ട്. അതുകൊണ്ട് നിങ്ങൾ ഏതെങ്കിലും സഹോദരന് സലാം പറയുമ്പോൾ വാസ്തവത്തിൽ നിങ്ങളല്ല അതു പറയുന്നത്. മറിച്ച് അല്ലാഹുവിന്റെ ദുആ അയാൾക്കെത്തിക്കുകയാണ് ചെയ്യുന്നത്. എന്നാൽ നമ്മുടെ നാട്ടിൽ ജനങ്ങൾ വീട്ടിൽ പ്രവേശിക്കുമ്പോൾ പൊതുവെ അസ്സലാമുഅലൈക്കും പറയാത്തതായിട്ടാണ് ഞാൻ കാണുന്നത്. തങ്ങളുടെ മാതാപിതാക്കളോടോ ഭാര്യാമക്കളോടൊ ചൊല്ലാനുള്ള ദുആയല്ല മറിച്ച് മറ്റുള്ളവരോട് ചൊല്ലാനുള്ള ദുആയാണ് ഇതെന്ന് അവർ കരുതുന്നതുപോലെ തോന്നുന്നു. വാസ്തവത്തിൽ, എല്ലാ മുസ്‌ലിംകളോടുമുള്ള അല്ലാഹുവിന്റെ വ്യക്തമായ കല്പനയാണ്, അവർ അവരുടെ വീട്ടിൽ പ്രവേശിക്കുമ്പോൾ അസ്സലാമുഅലൈക്കും പറയുക എന്നത്. (തഫ്സീർ കബീർ വാള്യം 6 പേ: 404)

ഹസ്റത്ത് അനസിബ്നു മാലിക് (റ) നിവേദനം ചെയ്യുന്നു. നബി (സ) എന്നോടു പറഞ്ഞു: "പ്രിയ മകനേ! കുടുംബക്കാരുടെ അടുത്ത് നീ ചെല്ലുമ്പോൾ അവരോടു സലാം പറയുക. നിനക്കും നിന്റെ വീട്ടുകാർക്കും ഇത് അഭിവൃദ്ധിയ്ക്കും ഐശ്വര്യത്തിനും കാരണമാകും." (തിർമിദി)

സ്വന്തം വീട്ടിൽ പ്രവേശിക്കുകയാണെങ്കിലും സലാം ചൊല്ലണമെന്ന കാര്യം ഈ ഹദീസിലൂടെ വ്യക്തമായിരിക്കുന്നു. സമാധാനത്തിന്റെ സന്ദേശം എപ്പോഴും വിതറിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു തആല പറയുന്നു. നിങ്ങൾ സ്വർഗ്ഗത്തിൽ പോകുമ്പോൾ ഈ സമാധാനവാക്യം അവിടെ അന്വർത്ഥമാകുന്നതാണ്. അതിന്റെ ശരിയായ അർത്ഥം നിങ്ങൾക്കു മനസ്സിലാകും. അതുകൊണ്ട് അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിയതിനുശേഷം രണ്ടാമത് നിങ്ങൾ ചെയ്യുന്ന പ്രധാനപ്പെട്ട കാര്യം പരസ്പരം സലാം ചൊല്ലലായിരിക്കണം. അതുകൊണ്ട് ഇവിടെ സ്വർഗ്ഗസമാനമായ സമൂഹം സ്ഥാപിക്കണമെങ്കിൽ പരസ്പരം സലാം ചൊല്ലുക. ഈ സലാം ശീലമാക്കിമാറ്റുന്നതിന് നബി (സ) ഈ ഹദീസിൽ പറഞ്ഞതുപോലെ നാമും നമ്മുടെ കുട്ടികളെ സലാം പറഞ്ഞു പഠിപ്പിച്ച് ശീലമുള്ളവരാക്കിത്തീർക്കണം. ഇത് പരിശീലനത്തിന്റെ സ്ഥിരമായ ഒരു ഭാഗമാണ്. കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുക. അവരെ വീട്ടിൽ നിന്നു പോകുമ്പോഴും വീട്ടിൽ മടങ്ങിയെത്തുമ്പോഴും സലാം പറയുന്നവരാക്കിത്തീർക്കുക. സലാം പറയുന്നതിന്റെ ഉദ്ദേശ്യം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും വേണം. എന്തായാലും കുട്ടികൾക്കും മുതിർന്നവർക്കുമെല്ലാം സലാം ചൊല്ലുന്ന ശീലം ഉണ്ടായിരിക്കേണ്ടതാണ്. ചിലപ്പോൾ ആത്മാർത്ഥ സുഹൃത്തുക്കളുടെയും ആത്മാർത്ഥരായ ബന്ധുക്കളുടെയും വീട്ടിൽ ആളുകൾ ഒരു മുന്നറിയിപ്പും കൂടാതെ പെട്ടെന്ന് കടന്നു ചെല്ലാറുണ്ട്. ഇവിടെ യൂറോപ്പിലെ വീടുകളിൽ സ്വയം പൂട്ടുവീഴുന്ന തരത്തിലുള്ള താഴുകളാണ് ഘടിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് പുറമെ നിന്ന് അതു തുറക്കാൻ പറ്റുകയില്ല. അതിനാൽ മുന്നറിയിപ്പുകൂടാതെ കടക്കാനും പറ്റുകയില്ല. ഇത്തരം സംവിധാനം ഇല്ലാത്ത വീടുകളിൽ വീടു തുറന്നു കിടക്കുകയാണെങ്കിൽ അതിൽ കടക്കാൻ ഒരു മടിയും കാണിക്കാത്തവരുണ്ട്. പാക്കിസ്ഥാൻ, ഇന്ത്യ തുടങ്ങിയ രാഷ്ട്രങ്ങളിൽ എന്നുമാത്രമല്ല മൂന്നാംകിട രാഷ്ട്രങ്ങളിലെല്ലാം തന്നെ ഒരു മുന്നറിയിപ്പും കൂടാതെ നേരിട്ട് വീട്ടിനുള്ളിലേക്ക് കയറിച്ചെല്ലുന്ന രീതിയാണുള്ളത്. ഇങ്ങനെ ചെയ്യരുതെന്ന് പറഞ്ഞാൽ, അത് വെറുപ്പുളവാക്കുകയും ചെയ്യും. പുരുഷന്മാർക്കെന്നപോലെ ഈ കല്പന സ്ത്രീകൾക്കും ബാധകമാണ്. പുരുഷന്മാർക്കുണ്ടാകുന്ന ദൂഷ്യങ്ങൾ സ്ത്രീകൾക്കുമുണ്ടാകാം. എന്നുമാത്രമല്ല ചിലപ്പോൾ കൂടുതൽ ദോഷങ്ങളുണ്ടാകുന്നത് സ്ത്രീകൾക്കായിരിക്കും. അതുകൊണ്ട് സലാം ചൊല്ലി, വിളിച്ചുപറഞ്ഞ്, അനുവാദം വാങ്ങി വീട്ടിൽ കടക്കേണ്ടതാണ്. ഇതു മുഖേന ഇന്നയാൾ തങ്ങളുടെ വീട്ടിലെത്തിയിട്ടുണ്ടെന്ന് ആ വീട്ടുകാർക്കും അറിയാൻ കഴിയും. പർദ്ദ ധരിക്കുന്ന സ്ത്രീയ്ക്ക് ബുദ്ധിമുട്ടുണ്ടാകുകയുമില്ല. ഈ സ്ത്രീ അവിടെ ഉണ്ടെന്നറിയുമ്പോൾ അവർക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം അവിടെത്തെ പുരുഷന്മാർക്ക് സൂക്ഷ്മത പാലിക്കാനും കഴിയും. ഇങ്ങനെ പ്രത്യക്ഷത്തിൽ ചെറുതായി തോന്നുന്ന നിരവധി നേട്ടങ്ങൾ സലാം പറയുന്നതുകൊണ്ടുണ്ടാകുന്നതാണ്. പിന്നീട് പറഞ്ഞത്, വീട്ടിൽ ആരേയും കണ്ടില്ലെങ്കിൽ അവിടെ കയറി കുത്തിയിരിക്കുക എന്നല്ല. മൂന്നുപ്രാവശ്യം സലാം ചൊല്ലുകയും ആരും കേൾക്കാതിരിക്കുകയും ചെയ്താൽ നിങ്ങൾ തിരിച്ചുപോകാനാണ് കല്പന. അനുവാദം കിട്ടിയെങ്കിൽ മാത്രമെ വീട്ടിൽ പ്രവേശിക്കാൻ പാടുള്ളൂ. ഇല്ലെങ്കിൽ പ്രവേശിക്കരുത്. മൂന്നു പ്രാവശ്യം സലാം ചൊല്ലിയിട്ടും മറുപടി കിട്ടുന്നില്ലെങ്കിൽ, ഒന്നുകിൽ വീട്ടിൽ ആരുമുണ്ടാകുകയില്ല. ഇല്ലെങ്കിൽ വീട്ടിൽ ഉള്ളവർ നിങ്ങൾ അപ്പോൾ കയറുന്നത് ഇഷ്ടപ്പെടുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. നിങ്ങൾ തിരിച്ചുപോകുക. ഇനി അഥവാ വീട്ടിൽ ആളുണ്ടാകുകയും, അകത്തു നിന്ന് നിർബന്ധിതാവസ്ഥ വെളിപ്പെടുത്തുകയും ചെയ്താൽ അപ്പോഴും നിങ്ങൾ ഉടനെ മടങ്ങിപ്പോകേണ്ടതാണ്. വെറുപ്പ് പ്രകടിപ്പിക്കരുത്. എന്താണോ പറഞ്ഞത് അതനുസരിച്ച് പ്രവർത്തിക്കുക. തിരിച്ചുപോകാനാണ് പറഞ്ഞതെങ്കിൽ, തിരിച്ചുപോകുന്നതാണ് നല്ലത്. സലാം ചൊല്ലുന്നതിന്റെ ഉദ്ദേശ്യം സമാധാനം പരത്തുകയും ശാന്തിയുടെ സന്ദേശം വ്യാപിപ്പിക്കുകയും പരസ്പരമുള്ള സ്നേഹവും സഹോദര്യവും നിലനിറുത്തുകയും നിങ്ങളിൽ പരിശുദ്ധി രൂപം കൊള്ളുകയും ചെയ്യുക എന്നതാണ്. ഏതെങ്കിലും വീട്ടുകാർ ബുദ്ധിമുട്ടു പറയുകയും അല്ലെങ്കിൽ കാണാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്താൽ നിങ്ങൾ അതിൽ വെറുപ്പ് പ്രകടിപ്പിക്കരുത്. ആ വീട്ടുകാർ പറയുന്ന കാര്യങ്ങൾ സമ്മതിക്കുക. ഇതാണ് ഇസ്‌ലാമിക സമൂഹം. സലാം വ്യാപകമായി പറയുന്നതുകൊണ്ട് ഈ അവസ്ഥ നടപ്പിൽ വരുന്നതായിരിക്കും.

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂമൂസാ അശ്അരി (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "അനുവാദം ചോദിക്കൽ മൂന്നുപ്രാവശ്യമാണ്. എന്നിട്ട് നിനക്ക് അനുവാദം ലഭിച്ചാൽ പ്രവേശിക്കാം. അല്ലെങ്കിലോ മടങ്ങിപ്പോകണം." (ബു.മു)

ഇത്ര ദൂരത്തുനിന്ന് വന്ന നിങ്ങളെ, വീട്ടിൽ നിന്ന് മടക്കിയത് ശരിയല്ലെന്ന് ഇവിടെ പറയുന്നില്ല. കുറഞ്ഞത് ഒന്നോ രണ്ടോ മിനിറ്റു നേരമെങ്കിലും ഇരുത്തി വെള്ളം കുടിക്കണോ എന്നെങ്കിലും ചോദിക്കണമായിരുന്നു എന്നും പറയുന്നില്ല. ഇവിടെ വീട്ടിലേക്ക് വരുന്നയാളോടാണ്, വീട്ടുകാർ നിങ്ങൾക്ക്

അനുവാദം തരുന്നില്ലെങ്കിൽ മടങ്ങിപ്പോകുക എന്ന് പറഞ്ഞിട്ടുള്ളത്. അതിഥി സൽക്കാരത്തെ സംബന്ധിച്ചും കല്പനയുണ്ടെന്നത് ശരിതന്നെയാണ്. പക്ഷെ, ഇവിടെ നിങ്ങൾക്കുള്ള കല്പന ഇതാണ്. വീട്ടുകാരൻ വീട്ടുടമയാണ്. നിങ്ങൾക്ക് വീടിനകത്ത് പ്രവേശിക്കാൻ അനുവാദം തരുന്നില്ലെങ്കിൽ നിങ്ങൾ മടങ്ങിപ്പോകുക. വെറുപ്പോടുകൂടി മടങ്ങിപ്പോകാതിരിക്കലാണ് പരിശുദ്ധി. വിരോധം കാണിക്കരുത്. മനസ്സിൽ ഒരു നീരസവും കൂടാതെ ഈ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതു അല്ലാഹുവിന്റെ കല്പനയായതുകൊണ്ട് അതു നിറവേറ്റുമ്പോൾ നമ്മുടെ ഉള്ളിൽ സ്നേഹവും സാഹോദര്യവും ഉണ്ടാകും. പകരം വീട്ടണമെന്ന ചിന്തയേ ഉണ്ടാകാൻ പാടില്ല. അവസരം കിട്ടിയാൽ താനും അതേ രീതിയിൽ പെരുമാറുമെന്ന വിചാരമേ ഉണ്ടാകരുത്. അങ്ങനെയായാൽ സമാധാനം സ്ഥാപിക്കുന്നവനാകുന്നതിനു പകരം കുഴപ്പങ്ങളുണ്ടാക്കുന്നവ നായിത്തീരുന്നതാണ്.

ഇക്കാലത്ത് മിക്കവീടുകളിലും കോളിംഗ് ബെൽ ഘടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് സലാം പറയേണ്ട ആവശ്യമില്ലെന്ന് ജനങ്ങൾ കരുതുന്നു. വാസ്തവത്തിൽ ബെല്ലടിക്കുന്നതോടൊപ്പം സലാം പറയാനും കഴിയും. ഇതിലാണ് അനുഗ്രഹം. അതു മുഖേന സ്നേഹവും ഉണ്ടാകുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "നിങ്ങൾ സത്യവിശ്വാസികളാകാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പര സ്നേഹമില്ലാതെ സത്യവിശ്വാസികളാവുകയില്ല. പരസ്പര സ്നേഹമുണ്ടാകുന്ന കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? നബി (സ) തിരുമേനി എന്നിട്ടു പറഞ്ഞു: 'അഫ്ശുസ്സലാമ ബയ്നക്കും' നിങ്ങൾക്കിടയിൽ സലാം പരത്തലാണത്." (മുസ്‌ലിം)

സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ വിശ്വസിയാകേണ്ടത് നിർബന്ധമാണെന്നാണ് ഇവിടെ നബി (സ) പറഞ്ഞത്. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആരാണ് സത്യവിശ്വാസി? സത്യവിശ്വാസികൾ എന്നുപറയുന്നത് പരസ്പരം സ്നേഹത്തിലും സന്തോഷത്തിലും ജീവിക്കുന്നവരാണ്. പരസ്പരം അവകാശങ്ങൾ സംരക്ഷിക്കുന്നവരാണ്. 'ഞങ്ങൾ ബയ്അത്തു ചെയ്തു, ബയ്അത്തിന്റെ നിബന്ധനകൾ ഉച്ചരിച്ചു. അങ്ങനെ സത്യവിശ്വാസിയായി' എന്നു കരുതരുത്. നിങ്ങളിൽ ആത്മീയമായ മാറ്റം ഉണ്ടാകുകയോ, പരസ്പരമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ശ്രദ്ധിക്കുകയോ, അധ്യാപനങ്ങളുടെ മുഴുവൻ വശവുമനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യുന്നില്ലെങ്കിൽ ഈമാനിൽ ഒരുപാട് വിടവ് ഉണ്ടെന്നാണ് അതിന്റെ അർത്ഥം. നിങ്ങൾ ജമാഅത്തിൽ അംഗങ്ങളാണെന്നത് ശരിതന്നെ. പക്ഷെ, ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിലുണ്ടാക്കാനാഗ്രഹിക്കുന്ന മാറ്റം ഉണ്ടായിട്ടില്ല. അല്ലാഹുവും അവന്റെ റസൂൽ(സ)യും സത്യവിശ്വാസിയുടെ അടയാളമായിപ്പറഞ്ഞത് ഇപ്പോൾ കിട്ടിയിട്ടുമില്ല. ഉന്നതമായനില കരസ്ഥമാക്കുമ്പോഴാണ് അതു കിട്ടുന്നത്. അല്ലാഹു പറയുന്നു: നിങ്ങളിൽ ബലഹീനതകൾ ഉണ്ടെങ്കിൽതന്നെ നിങ്ങൾക്ക് 'അസ്‌ലം നാ' എന്നു പറയാൻ അനുവാദമുണ്ട്. അതായത് ഞങ്ങൾ അനുസരണം സ്വീകരിച്ചിരിക്കുന്നു എന്നു പറയാവുന്നതാണ്. എന്നാൽ, ഈമാനുമായിട്ടുള്ള ബന്ധത്തെക്കുറിച്ചു പറയുമ്പോൾ, 'വലമ്മാ യദ്ഖുലിൽ ഈമാനു ഫീ ഖുലൂബിക്കും' ആ സത്യവിശ്വാസം ഇതുവരെ നിങ്ങളുടെ ഹൃദയങ്ങളിൽ കടന്നിട്ടില്ല. ആ ഉന്നതമായ നിലവാരം നിങ്ങളിൽ രൂപം കൊള്ളുമ്പോഴാണ് ഈമാൻ കടന്നിട്ടുണ്ടെന്ന് മനസ്സിലാക്കപ്പെടുന്നത്. അവർ അല്ലാഹുവിനെ ആരാധിക്കുന്നവരായിരിക്കും. ഒരു നമസ്കാരവും ഉപേക്ഷിച്ചുകളയുകയില്ല. അല്ലാഹുവി നോടുള്ള കടമകൾ നിറവേറ്റുന്നവരായിരിക്കും. പരസ്പരം അങ്ങേയറ്റം സ്നേഹം ഉണ്ടാക്കുന്നവരായിരിക്കും. നബി (സ) തിരുമേനി പറയുകയുണ്ടായി. സ്നേഹം ഉണ്ടാക്കിയെടുക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം സലാം നടപ്പിൽ വരുത്തുക എന്നതാണ്. സലാം നടപ്പിൽ വരുത്തുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നാവുകൊണ്ടു സലാം പറയുമ്പോൾ നിങ്ങളുടെ സഹോദരന്റെ നന്മയ്ക്കുവേണ്ടി ഹൃദയത്തിൽ നിന്നും ദുആ പുറപ്പെടുക എന്നതാണ്. ഇതു സംബന്ധിച്ച് മറ്റൊരു നിവേദനമുണ്ട്. ഇതിൽ നിന്ന് മനസ്സിലാകുന്നത് മുസ്‌ലിംകളിൽ ശത്രുതയുടെയും അസൂയയുടെയും രോഗം ഉണ്ടാകുമെന്നും അതു മുഖേന ദീൻ പൂർണ്ണമായും അവരിൽനിന്ന് പുറത്തുപോകുമെന്നുമാണ്. ഇത് മുസ്‌ലിംകൾക്കുള്ള താക്കീതാണ്. ഇക്കാലത്ത് നിങ്ങൾ നോക്കുക. ഇതു തന്നെയാണ് മുസ്‌ലിംകളിൽ സംഭവിച്ചിട്ടുള്ളത്. അതുകൊണ്ട് അഹ്മദി മുസ്‌ലിംകളായ നാം ഭാഗ്യവാന്മാരാണ്; നാം ഇക്കാലത്തെ ഇമാമിന് ബയ്അത്ത് ചെയ്തുകൊണ്ട് ഈ രോഗങ്ങളിൽ നിന്ന് സുരക്ഷിതരായിരിക്കാൻ ശ്രമിക്കുന്നു. എന്നാൽ നാം പരിഷ്ക്കരണം വരുത്തുന്നില്ലെങ്കിൽ, ബയ്അത്തിൽ നിന്നു തന്നെ നാം മുറിക്കപ്പെടും. അല്ലാഹു എല്ലാവരെയും സുരക്ഷിതമായി വയ്ക്കുമാറാകട്ടെ.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു സുബയ്ർ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "നിങ്ങളുടെ മുൻ സമുദായക്കാർക്കുണ്ടായിരുന്ന രോഗമായ ശത്രുതയും അസൂയയും നിങ്ങളേയും പിടികൂടും. ശത്രുത വേരോടെ നിങ്ങളെ മുറിച്ചുകളയുന്ന കാര്യമാണ്. ഇതു മുടിയെയല്ല മുറിക്കുന്നത് ദീനിനെയാണ്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ടു സത്യം, സത്യവിശ്വാസിയാകാത്തിടത്തോളം നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം ബന്ധപ്പെട്ടും സ്നേഹത്തോടെയും ജീവിക്കാത്തിടത്തോളം

നിങ്ങൾ സത്യവിശ്വാസിയാകുകയുമില്ല. ഈ പരസ്പരസ്നേഹം എങ്ങനെ നിങ്ങളിലുണ്ടാകുമെന്ന് ഞാൻ പറഞ്ഞു തരട്ടെയോ? അതിന്റെ രീതി പരസ്പരം അസ്സലാമു അലയ്ക്കും പറയുന്നത് നടപ്പിൽ വരുത്തുക എന്നതാണ്".

കൂടുതൽ സ്നേഹം ഉണ്ടാകുന്നതിനായി സലാം പറയാനുള്ള അവസരം എങ്ങനെയുണ്ടാക്കണമെന്നും ഏതു രീതിയിൽ സലാം പറയണമെന്നും നബി (സ) പറഞ്ഞിരിക്കുന്നു.

ഹസ്റത്ത് ഇംറാൻ ബിൻ ഹുസയ്ൻ (റ) നിവേദനം ചെയ്യുന്നു. "ഒരിക്കൽ ഒരാൾ നബി (സ) യുടെ സവിധത്തിൽ വന്ന് അസ്സലാമു അലയ്ക്കും എന്നു പറഞ്ഞു. അയാൾക്ക് സലാം മടക്കിക്കൊണ്ട് അവിടന്ന് അവിടെയിരുന്ന് പറഞ്ഞു: അയാൾക്ക് പത്തിരട്ടി പ്രതിഫലം ലഭിച്ചിരിക്കുന്നു. പിന്നീട് വെറൊരാൾ വന്ന് അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ് എന്നു സലാം പറഞ്ഞപ്പോൾ അവിടന്ന് സലാം മടക്കിയിട്ട് പറഞ്ഞു: അയാൾക്ക് ഇരുപതിരട്ടി പ്രതിഫലം ലഭിച്ചിരിക്കുന്നു. മൂന്നാമത് വേറൊരാൾ വന്ന് അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ എന്നു സലാം പറഞ്ഞപ്പോൾ അവിടന്ന് സലാം മടക്കി ഒരിടത്തിരുന്ന് പറഞ്ഞു: അയാൾക്ക് മുപ്പതിരട്ടി പ്രതിഫലം ലഭിച്ചിരിക്കുന്നു"(തിർമിദി)

തന്റെ പ്രിയപ്പെട്ട നബിയ്ക്ക് സത്യവിശ്വാസികളിൽ സ്നേഹം സൃഷ്ടിക്കുന്നതിനുവേണ്ടി എത്ര മാത്രം ആഴത്തിൽച്ചെന്ന് അല്ലാഹു രീതികൾ പഠിപ്പിച്ചിരിക്കുന്നു. അസ്സലാമു അലയ്ക്കും എന്നതിനോടൊപ്പം ചേർത്തു പറയുന്ന ഓരോ ദുആയിലും, സലാം പറയുന്നയാൾക്ക് പത്തിരട്ടി പ്രതിഫലം വെച്ചിരിക്കുന്നു. പത്തിരട്ടി വർധനയോടുകൂടി പ്രതിഫലം ലഭിക്കാൻ കാരണമാകുന്നു. ഈ ദുആ പ്രതിഫലത്തിൽ വർധനവുണ്ടാക്കുമ്പോൾ അല്ലാഹു തആല തന്റെ രജിസ്റ്റർ പുസ്തകം വെച്ചിരിക്കുന്നത് അടുത്ത ലോകത്ത് മാത്രം അതിന്റെ അനുഗ്രഹം കാണിച്ചു തരാനല്ല. ഈ ലോകത്ത് തന്നെ അത്തരം ദുആ ചെയ്യുന്നവർക്ക്, ഹൃദയംഗമമായ നിലയിൽ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നവർക്ക് കൂടുതൽ നന്മകൾ നിലനിറുത്താൻ അല്ലാഹു തൗഫീഖ് നല്കുന്നു. ആർക്കുവേണ്ടിയാണോ ദുആ ചെയ്യുന്നത് അവർക്കും അല്ലാഹു പ്രതിഫലം നല്കുന്നു.

എന്തെങ്കിലും നല്ലത് നിങ്ങൾ തിരിച്ചുകൊടുക്കുമ്പോൾ അല്പം കൂടുതൽ കൊടുക്കാനും കല്പനയുണ്ട്; അതായത് നന്മകളിൽനിന്ന്. അസ്സലാമു അലയ്ക്കും എന്നൊരാൾ പറയുമ്പോൾ മടക്കുന്നയാൾ വറഹ്മത്തുല്ലാഹ് എന്നു കൂട്ടിച്ചേർത്തു പറയുന്നു. അല്ലെങ്കിൽ വബറക്കാത്തഹു എന്നും ചേർത്തു പറയുന്നു. ഇങ്ങനെ പറയുന്ന ഓരോരുത്തരും അത്രയുമധികം പ്രതിഫലത്തിന് അർഹരായിത്തീരുന്നു. സലാം പറയുന്നയാൾക്കും ഇങ്ങനെ കൂടുതൽ ദുആ കിട്ടുന്നു.

ഇവിടെ ഇടയ്ക്ക് ഒരു കാര്യം ഞാൻ പറയട്ടെ. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) നോട് ഇതു സംബന്ധമായി ഒരാൾ ചോദിച്ചു: 'കൂടുതൽ പ്രതിഫലം കിട്ടുന്നത് അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വ ബറക്കാത്തുഹു എന്നു പറയുന്നതിലാണ്. എന്നാൽ, അങ്ങ് അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹ് എന്നു മാത്രമെ പറയുന്നുള്ളൂ'. അവിടന്ന് പറഞ്ഞു: ഞാൻ അറിഞ്ഞുകൊണ്ട് തന്നെയാണ് അങ്ങനെ പറയുന്നത്. മടക്കുന്നവർ നല്ലരീതിയിൽ മടക്കട്ടെ എന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ അങ്ങനെ പറയുന്നത്. കാരണം, നല്ല രീതിയിൽ സലാം മടക്കുക എന്ന കല്പനയുണ്ട്. എന്നോട് ഒരു പെൺകുട്ടി ചോദിച്ചു. അങ്ങയോട് എല്ലാവരും ദുആയ്ക്ക് പറയുന്നുണ്ട്. എന്നാൽ അങ്ങ് ആരോടും ദുആ ചെയ്യാൻ പറയാത്തതെന്താണ്? ഞാൻ ആ കുട്ടിയോട് പറഞ്ഞു: ഞാൻ ആദ്യം മുതലേ ദുആ ചെയ്യാൻ പറഞ്ഞ് വരുന്നയാളാണ്. കണ്ടുമുട്ടുന്ന ഓരോരുത്തരോടും വ്യക്തിപരമായ നിലയിൽ പറയാറില്ല. ചിലരോട് പറയാറുമുണ്ട്. കത്തുകളിലും എഴുതാറുണ്ട്. എന്നാൽ സംഘടിതമായ നിലയിൽ എപ്പോഴും ദുആ ചെയ്യാൻ ഞാൻ പറയാറുണ്ട്. സംഘടിതമായ ദുആ കൈവശമാക്കാൻ പരിശ്രമിക്കാറുമുണ്ട്. പള്ളികളിലും, സലാം പറയുമ്പോഴും, ഇജ്തിമാഅ് തുടങ്ങിയ അവസരങ്ങളിലും ദുആയ്ക്ക് പറയാറുണ്ട്. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ രീതി ഇങ്ങനെയായിരുന്നുവെന്ന് ഞാൻ പറയുകയുണ്ടായി. ഞാനും ചിലപ്പോൾ അങ്ങനെ തന്നെ ചെയ്യാറുണ്ട്. സലാംമടക്കുന്ന ഓരോരുത്തർക്കും കൂടുതൽ പ്രതിഫലം കിട്ടണമെന്ന ഉദ്ദേശ്യത്തോടെയാണ് വാക്കുകൾ ചുരുക്കി ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) സലാം പറഞ്ഞിരുന്നത്. ഞാനും ആ രീതിയിൽ തന്നെയാണ് സലാം പറയുന്നത്. അതായത് അധികം കൂട്ടച്ചേർത്ത് മടക്കുന്നതുകൊണ്ട് മടക്കുന്നയാൾക്ക് കൂടുതൽ പ്രതിഫലം കിട്ടുന്നു. മടക്കുന്നയാൾ കൂടുതലായി ദുആ ചെയ്യുമ്പോൾ എനിക്കും കൂടുതൽ കിട്ടുന്നു. എനിക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ളതും ദുആയാണ്. എത്രത്തോളം അധികം ദുആ മുഖേന നിങ്ങളെന്നെ സഹായിക്കുന്നുവോ അത്രത്തോളം ജമാഅത്ത് ശക്തമായി മുന്നോട്ടുപോകും. അത്രയധികം പരസ്പര സ്നേഹവും വർധിച്ചുകൊണ്ടുപോകും. ഇത് ഇടയ്ക്ക് ഞാൻ പറഞ്ഞുവെന്നേയുള്ളു. സലാം പറയുന്നയാൾ പകുതി പറയുക, മടക്കുന്നയാൾ അധികമായി പറയുക എന്നത് ഒരു നിയമമൊന്നുമല്ല. ഇരു കൂട്ടരും എത്രയധികം ദുആ ചെയ്യുന്നുവോ അത്രയും നല്ലതാണ്. ഞാൻ ചിലപ്പോൾ അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു എന്നും പറയാറുണ്ട്. ഹദീസിൽ എങ്ങനെയാണോ വന്നിട്ടുള്ളത് അത് നടപ്പിൽ വരുത്തേണ്ടതാണ്.

ഓരോരുത്തരും ഇങ്ങനെ ചിന്തിച്ച് സലാം പറയുന്നവരായിരിക്കുകയില്ല. മടക്കുന്നയാൾ മടക്കുന്നതും ചിന്തിച്ചായിരിക്കുകയില്ല. അതുകൊണ്ട് വ്യക്തിപരമായ നിലയിൽ, അല്ലെങ്കിൽ സാധാരണ കണ്ടുമു ട്ടുന്നയാളുകൾക്ക് കൂടുതൽ വാക്കുകൾ ചേർത്ത് ദുആ ചെയ്യുന്നതാണ് നല്ലത്. ഈ വിശദീകരണം ഞാൻ നൽകിയത്,ചിലയാളുകൾ ചിലതുകണ്ടാൽ അതുതന്നെപാടുള്ളു, മറ്റൊന്നും പാടില്ല എന്നകാര്യത്തിൽ വാശിപിടിക്കുന്നതുകൊണ്ടാണ്. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ൽ നിന്ന് കേട്ടിട്ട് അതുതന്നെ മതിയെന്ന് മനസ്സിലാക്കുന്നവരുണ്ടാകാം. അതായത് പറയുന്നവർ ചുരുക്കി പറയുക മടക്കുന്നയാൾ കൂട്ടി മടക്കുക എന്നത് നിർബന്ധമാണെന്നുള്ള അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നവരുണ്ടാകാം. ചിലകാര്യങ്ങൾ അവസരത്തിന്നും സന്ദർഭത്തിനും അനുസരിച്ചായിരിക്കും നടക്കുക. അത് നിയമമാകുകയില്ല. ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) പറഞ്ഞതുതന്നെയാണ് നിയമം. നമുക്ക് എത്രത്തോളം പ്രതിഫലം കൂടുതൽ സമ്പാദിക്കാൻ കഴിയുമോ അത്രത്തോളം സമ്പാദിക്കേണ്ടതാണ്.

സലാം മടക്കുന്നയാൾ അധികമായി മടക്കുക എന്നതും അയാളുടെ കടമയാണ്; ഇരു കൂട്ടർക്കും പ്രതിഫലം കൂടുതൽ ലഭിക്കുന്നതിനുവേണ്ടി. ഏതുകാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണോ സത്യവിശ്വാസി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്, അക്കാര്യങ്ങൾ കൂടുതൽ വിശദീകരിച്ചുകൊണ്ട് നബി (സ) തിരുമേനി പറയുന്നു. ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നബി (സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. "മനുഷ്യരേ! നിങ്ങൾ സലാം പരത്തുകയും വിശക്കുന്നവന് ആഹാരം നൽകുകയും ചാർച്ചയെ ചേർക്കുകയും ജനങ്ങൾ നിദ്രയിലാണ്ടുകൊണ്ടിരിക്കുമ്പോൾ നമസ്കരിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ സുരക്ഷിതരായി നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കും". (തിർമിദി)

ഈ ഹദീസിൽ പറയപ്പെട്ട കാര്യങ്ങളിൽ മൂന്നെണ്ണം സൃഷ്ടികളോടുള്ള കടമയുമായി ബന്ധപ്പെട്ടതാണ്. സലാം പറയുന്നതുകൊണ്ട് സൗമ്യസ്വഭാവം ഉണ്ടാകും. സൗമ്യസ്വഭാവം ഉണ്ടാകുമ്പോൾ പരസ്പരം കടമകൾ നിറവേറ്റണമെന്ന ശ്രദ്ധയുണ്ടാകും. രണ്ടാമത് പറഞ്ഞത് വിശക്കുന്നവന് ഭക്ഷണം നൽകുക എന്നതാണ്. ജനങ്ങളുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക. ഈ രാജ്യങ്ങളിൽ അത്തരം ആവശ്യക്കാരെ ചിലപ്പോൾ കിട്ടാറില്ല. അപ്പോൾ ജമാഅത്തിൽ സദഖ വ്യവസ്ഥിതി നിലവിലുണ്ടെന്ന കാര്യം ഓർക്കുക.ഇതു മുഖേന നാം മറ്റുള്ള രാജ്യങ്ങളേയും സഹായിച്ചുവരുന്നു. നിരവധി ദരിദ്രരായ ആളുകളെ സഹായിച്ചുവന്നു. നിങ്ങളും ഇതിൽ പങ്കെടുക്കുക. അങ്ങനെയായാൽ നേരിട്ട് സലാം പറയുന്നില്ലെങ്കിൽ തന്നെ, ദരിദ്രർക്കുവേണ്ടി സമാധാനത്തിനുള്ള അവസരമൊരുക്കുകയായിരിക്കും നിങ്ങൾ ചെയ്യുന്നത്. അതിലൂടെ അവരുടെ ആവശ്യങ്ങൾ. നിങ്ങൾ ശ്രദ്ധിക്കുകയാണ് ചെയ്യുന്നത്. അവരിൽ നിന്നും അദൃശ്യമായ നിലയിൽ ദുആയും കൈവശമാക്കുന്നു. ഇതു സ്നേഹത്തിന്റെയും സഹാനുഭൂതിയുടേയും അടിസ്ഥാനത്തിൽ മാത്രമാണ് ചെയ്യുന്നത്. അതായത് അയാൾ നമ്മുടെ സഹോദരനാണ്, ആവശ്യക്കാരനാണ് എന്ന വിചാരത്തോടെ.

പിന്നീട് പറഞ്ഞത് കുടുംബ ബന്ധങ്ങളെ ചേർത്തുനിർത്തുക എന്നതാണ്. നിങ്ങളുടെ ബന്ധുക്കളേയും പ്രിയപ്പെട്ടവരേയും സഹോദരങ്ങളേയും ശ്വശുരഗൃഹങ്ങളിലെ ആളുകളേയും പരിഗണിക്കേണ്ടതാണ്. ശ്വശുര ഗൃഹങ്ങളിലെ ആളുകളും അടുത്തബന്ധുക്കൾ തന്നെയാണ്. അവരെ ഒരുതരത്തിലും ബുദ്ധിമുട്ടിക്കരുത്. ശാരീരികമായ ബുദ്ധിമുട്ടുകൾ ഏൽപ്പിക്കാതിരിക്കുക എന്നതുമാത്രമല്ല പറഞ്ഞതിന്റെ ഉദ്ദേശ്യം. അല്ലെങ്കിൽ ചീത്തപറയാതിരിക്കുക എന്നതല്ല. മറിച്ച് ഭാര്യയും ഭർത്താവും അവരവരുടെ ബന്ധുക്കളെ പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും പരിഗണിക്കുന്നില്ലെങ്കിൽ അവരും സമാധാനം പരത്തുന്നവരല്ല. സലാം പറയുക എന്നത് ഒരു ദുആയാണ്. വികാരങ്ങളെ വ്രണപ്പെടുത്തികൊണ്ട് ആർക്കുവേണ്ടിയും ആരും ദുആ ചെയ്യാറില്ല.

പറഞ്ഞു: ഇതെല്ലാം സമാധാനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അതുകൊണ്ട് നിങ്ങളും അതനുസരിച്ച് പ്രവർത്തിച്ചാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവസാനം അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിലേക്കും ശ്രദ്ധക്ഷണിച്ചിരിക്കുന്നു. എന്താണ് അല്ലാഹുവിനോടുള്ള കടമ. അതും ജനങ്ങൾക്ക് അവശ്യമാണ്. നമസ്കരിക്കുക, അല്ലാഹുവിനെ ആരാധിക്കുക, തഹജ്ജുദ് നമസ്കരിക്കുന്ന ശീലമുണ്ടാക്കിയെടുക്കുക. ഇങ്ങനെ സ്വയം ബുദ്ധിമുട്ടി തഹജ്ജുദ് നമസ്കാരത്തിനായി ഉണരുമ്പോൾ ഹൃദയവും ശുദ്ധമായിത്തീരും. അല്ലാഹുവിനോടുള്ള ഭയവും ഉള്ളിൽ ഉണ്ടാകും. അല്ലാഹുവിനോടുള്ള ഭയമുണ്ടാകുമ്പോൾ അവന്റെ ദാസരോട് നല്ല രീതിയിൽ പെരുമാറാനും അവരുടെ സമാധാനത്തിനുവേണ്ടി ദുആ ചെയ്യാനും കൂടുതൽ ശ്രദ്ധയുണ്ടാകും. അടുത്ത ലോകത്തു മാത്രമല്ല ഈ ലോകത്തും സലാം ചൊല്ലാനുള്ള ചിന്തയുണ്ടാകും. അടുത്ത് പരിചയമുള്ളവർക്ക് മാത്രം സലാം ചൊല്ലിയാൽ മതിയെന്നാണ് ചിലർ ധരിച്ചിരിക്കുന്നത്. ഇസ്ലാമിക സമൂഹ ത്തിൽ എങ്ങോട്ടുതിരിഞ്ഞാലും സലാം ചൊല്ലേണ്ടതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കു

ന്നു. നബി (സ) യോടു ഒരാൾ ചോദിച്ചു. ഇസ്ലാമിൽ ഏറ്റവും പുണ്യകരമായത് ഏതാണ്? അവിടന്ന് പറഞ്ഞു: "പാവപ്പെട്ടവർക്കും ദരിദ്രർക്കും ഭക്ഷണം കൊടുക്കുക. പരിചിതർക്കും അപരിചിതർക്കും സലാം പറയുക."(ബു.മു)

ഞാൻ പറഞ്ഞതുപോലെ ഇസ്ാമിക സമൂഹത്തിൽ സലാം നടപ്പിൽ വരുത്തേണ്ടതാണ്. സലാം പറയുന്നത് പാക്കിസ്ഥാനിൽ നമുക്ക് നിരോധിച്ചിരിക്കയാണ്. അവിടെ അഹ്മദികൾ ചെയ്യുന്ന വൻ കുറ്റമാണിത്. എന്തായാലും ഒരു അഹ്മദിയുടെ ഉള്ളിൽ നിന്നു വരുന്ന സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥന അവർക്കുവേണ്ടെങ്കിൽ അവരത് സ്വീകരിക്കണ്ട. അതുകൊണ്ടാണ് അവരുടെ അവസ്ഥ ഇന്നുകാണുന്നതുപോലെ ഉണ്ടായിട്ടുള്ളത്. എന്നാൽ എവിടെയാണോ അഹ്മദികൾ ഒന്നിച്ചു താമസിക്കുന്നത് അവിടെ ഈ സലാം നടപ്പിൽ വരുത്തേണ്ടതാണ്. പ്രത്യേകിച്ച് പാക്കിസ്ഥാനിൽ, ഖാദിയാനിൽ, മറ്റുചിലപട്ടണങ്ങളിലും അഹ്മദികൾ ഒന്നിച്ചു താമസിക്കുന്നുണ്ട്. അവിടങ്ങളിലെല്ലാം സലാം നടപ്പിൽ വരുത്തേണ്ടതാണ്. ഞാൻ ഇതിനുമുമ്പേ റബ്വയിലെ കുട്ടികളോടു ഒരിക്കൽ പറഞ്ഞിരുന്നതുമാണ്. കുട്ടികൾ ഓർമയോടെ സലാം പറയുന്ന പതിവ് നടപ്പിൽ വരുത്തിയാൽ മുതിർന്നവർക്കും ആ ശീലമുണ്ടാകും.

ഇപ്രകാരം തന്നെ വഖ്ഫെനൗ കുട്ടികളുണ്ട്. നാം മദ്രസാപാഠശാലകൾ മറ്റുസ്ഥലങ്ങളിലും നടത്തിവരുന്നുണ്ട്. അവിടത്തെ വിദ്യാർത്ഥികളുണ്ട്. ഇവരെല്ലാം ഇത് നടപ്പിൽ വരുത്താൻ തുടങ്ങിയാൽ സലാം പറയുന്നു എന്നപ്രത്യേകതയുണ്ടായാൽ എല്ലായിടത്തും സലാം എളുപ്പത്തിൽ നടപ്പിൽ വരുന്നതാണ്. ചിലപട്ടണങ്ങളിൽ, ഉദാഹരണത്തിന് പാക്കിസ്ഥാനിൽ മറ്റുള്ളവർക്ക് സലാം പറഞ്ഞ് കുറ്റവാളിയാകേണ്ട ആവശ്യമില്ല. അഹ്മദികളെ അഹ്മദികളാണെന്ന് ഇതില്ലാതെതന്നെ അവരുടെ മുഖങ്ങളിൽനിന്ന് തിരിച്ചറിയുന്നതാണ്. അതുകൊണ്ട് ചിന്താകുലരാകേണ്ട ആവശ്യമില്ല. ഭയപ്പെടേണ്ടതുമില്ല. മറ്റു മൗലവിമാരെ നമുക്കും തിരിച്ചറിയാൻ കഴിയും. പാക്കിസ്ഥാനിലും പൊതുവേ ജനങ്ങൾ മാന്യരാണ്. പക്ഷെ, ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറഞ്ഞതുപോലെ ഇത് മൂകമായ മാന്യതയാണ്. അവർക്ക് ഒന്നും പറയാൻ സാധ്യമല്ല. ഉള്ളിൽ അവരും മൗലവിയെക്കാൾ കുടുസായ ചിന്താഗതിക്കാരാണ്. ഒരിക്കൽ ഒരഹ്മദിയുടെ പേരിൽ സലാം ചൊല്ലി എന്ന കുറ്റത്തിന് കേസ്സുകൊടുത്തു. മൗലവിയാണ് കേസ് കൊടുത്തത്. പോലീസ് ഓഫീസർ അഹ്മദി ചെയ്ത കുറ്റംകണ്ടപ്പോൾ മൗലവിയോട് അയാൾ സലാം അല്ലേ പറഞ്ഞത് എന്ന് ചോദിച്ചു. ഇത് കേട്ട ഉടനെ അയാൾ എനിക്ക് സലാംചൊല്ലിയത് കുറ്റകൃതമാണെന്ന് മൗലവി പറഞ്ഞു. ശരിയാണ് ഇത് കുറ്റകൃത്യം തന്നെയാണ്. അതുകൊണ്ട് ഇനിമുതൽ അയാളോട് 'ലഅ്നത്ത്' പറയുക എന്ന് പോലീസ് ഓഫീസർ അഹ്മദിയോടു പറഞ്ഞു.

ഇതാണ് അവസ്ഥ. എന്തായാലും അഹ്മദികൾ ആരോടും 'ലഅ്നത്ത്' പറയുകയില്ല. ശത്രുവാണെങ്കിലും മിത്രമാണെങ്കിലും അഹ്മദികളുടെ മുദ്രാവാക്യം സമാധാനത്തിന്റേതായിരിക്കും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അയ്യൂബ് ബിൻ ബശീർ അൻസ ഗോത്രത്തിൽ പെട്ട ഒരാളിൽ നിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം ഹസ്റത്ത് അബൂദർഗഫ്ഫാരി (റ) യോട് ചോദിച്ചു. നബി (സ) തിരുമേനി നിങ്ങളെ കാണുമ്പോൾ ഹസ്തദാനം ചെയ്യാറുണ്ടായിരുന്നോ? അദ്ദേഹം പറഞ്ഞു: ഞാൻ ഹുസൂർ (സ) നെ കാണുമ്പോഴെല്ലാം ഹസ്തദാനം ചെയ്തിരുന്നു. എന്നു മാത്രമല്ല ഒരിക്കൽ നബി (സ) തിരുമേനി എന്നെ വിളിപ്പിച്ചു. ഞാൻ അപ്പോൾ വീട്ടിലുണ്ടായിരുന്നില്ല. ഞാൻ വീട്ടിൽ വന്നപ്പോൾ വിവരം അറിഞ്ഞു. ഞാൻ ഹുസൂർ(സ)ന്റെ സന്നിധിയിലെത്തി. ഹുസൂർ(സ) അപ്പോൾ കിടക്കുകയായിരുന്നു ഹുസൂർ(സ) എന്നെ നെഞ്ചോടുചേർത്ത് ആലിംഗനം ചെയ്തു. ഈ ഭാഗ്യത്തെക്കുറിച്ച് മറ്റെന്തുപറയാനാണ്!

ഹസ്റത്ത് അനസ് ബിൻ മാലിക്ക് (റ) പറയുന്നു: ആരെങ്കിലും നബി (സ) തിരുമേനിയെ കാണുകയും സംസാരിക്കുകയും ചെയ്താൽ അയാൾ സ്വയം തിരിച്ചുപോകുന്നതുവരെ നബി (സ) തിരുമേനി തന്റെ മുഖകമലം തിരിക്കുമായിരുന്നില്ല. നബി (സ) തിരുമേനിയുമായി ആരെങ്കിലും ഹസ്തദാനം ചെയ്താൽ, അവിടന്ന് തന്റെ കൈ അയാൾ വിടുന്നതുവരെ വലിക്കുമായിരുന്നില്ല. ആരുടെയെങ്കിലും നേരെ കാലുനീട്ടിയിരിക്കുന്നത് ഒരിക്കലും കണ്ടിട്ടില്ല.

ഇതിലും നമുക്കെല്ലാവർക്കും ഉപദേശമുണ്ട്. പ്രത്യേകിച്ച് ജമാഅത്തിലെ ഭാരവാഹികളോട് ഞാൻ പറയാനാഗ്രഹിക്കുകയാണ്. അവരും ഇതിൽ നിന്ന് പാഠം ഉൾകൊള്ളേണ്ടതാണ്. കാണാൻ വരുന്നവരെ നല്ലനിലയിൽ സ്വാഗതം ചെയ്യേണ്ടതാണ്. അവരുടെ അടുത്ത് ചെല്ലുക, ഹസ്തദാനം ചെയ്യുക. ഓരോരുത്തരും പറയുന്നകാര്യങ്ങൾ ഗൗരവമായി കേൾക്കുക. ചലർ എനിക്കെഴുതാറുണ്ട്. ഞങ്ങൾക്ക് ചില പ്രശ്നങ്ങളുണ്ട്. അങ്ങയെ കാണുന്നത് എളുപ്പമായിരിക്കും. പക്ഷെ ഞങ്ങളുടെ ഈ ഭാരവാഹിയെ കാണുക എന്നത് വളരെ പ്രയാസമാണ്. അത്തരം ഭാരവാഹികൾ നബി (സ) തിരുമേനിയുടെ ഉന്നതമായ ഈ മാതൃക ഓർമിക്കേണ്ടതാണ്. കാണാൻ വരുന്നവർക്ക് പരിപൂർണ്ണ സംതൃപ്തിയാകും വിധം അവരോടു പെരുമാറുക. സംതൃപ്തിയോടെയായിരിക്കണം അവർ നിങ്ങളിൽ നിന്ന് പിരിഞ്ഞുപോകേണ്ടത്.

ഓഫീസിൽ കസേരയിൽ ഇരിക്കുന്നവരുണ്ടാ

കും അവർ പുറത്തു നിന്നുവരുന്നവരെ എഴുന്നേറ്റ് നിന്ന് ആദരിക്കേണ്ടതാണ്. ഹസ്തദാനം ചെയ്യേണ്ട താണ്. ഇതു മുഖേന നിങ്ങളുടെ വിനയവും പ്രകടമാകും. ഈ വിനയമാണ് നബി (സ) നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

നോക്കുക, ഇരിക്കുമ്പോൾ നബി(സ) തിരുമേനി എത്രമാത്രം സൂക്ഷ്മതയാണ് പാലിച്ചിരുന്നത്. അതിനെക്കുറിച്ചാണ് അവസാനം പറഞ്ഞത്. ഹസ്തദാനത്തെക്കുറിച്ച് അല്പം വിശദീകരിക്കട്ടെ. ഇവിടെ പാശ്ചാത്യ ദേശത്ത് നമ്മുടെ സമൂഹത്തിൽ നിന്നു വന്നി ട്ടുള്ള ചില സ്ത്രീകളിലും പുരുഷൻമാർ പറയുന്നതുകൊണ്ടോ സ്വന്തം ഇഷ്ടത്താലോ, എന്തോ കോപ്ലക്സ് കാരണത്താൽ പുരുഷൻമാർക്ക് ഹസ്തദാനം ചെയ്യുന്ന ശീലം ഉണ്ടായിരിക്കുന്നു. ഒരു കൂസലും കൂടാതെ സ്ത്രീകൾ പുരുഷൻമാർക്ക് കൈകൊടുക്കുന്നു. പുരുഷ ൻമാരും സ്ത്രീകളും ഇതിൽ നിന്ന് പിൻമാറേണ്ടതാണ്. നമ്മുടെ മതം ഇതനുവദിക്കുന്നില്ല എന്നുപറഞ്ഞ് സൗമ്യമായ നിലയിൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുക യാണെങ്കിൽ അവർ അത് മനസ്സിലാക്കുന്നതാണ്. അങ്ങനെ വരുമ്പോൾ പുരുഷൻ സ്ത്രീയ്ക്കോ സ്ത്രീ പുരുഷനോ സലാം പറയുകയില്ല. മറ്റൊന്ന് ഹസ്തദാനം ചെയ്യാത്ത സമ്പ്രദായമാണ്. അത് അവരും ചെയ്യുകയില്ല. ഹിന്ദുക്കൾ കൈകൂപ്പി എഴുന്നേറ്റു നിൽക്കും. ഇതാണ് അവരുടെ അഭിവാദ്യത്തിന്റെ രീതി. മറ്റു സമൂഹങ്ങളിലും ഇവ്വിധം പലരീതികളുണ്ട്. അതുകൊണ്ട് നാണിക്കേണ്ടകാര്യമില്ല. ഒരു തരത്തിലുള്ള കോപ്ലക്സിലും പെടേണ്ട കാര്യമില്ല. മതത്തെ എല്ലാരീതിയിലും മുന്തിക്കണം. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ അധികമായി പരിശ്രമിക്കേണ്ടതാണ്.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: വാഹനപ്പുറത്ത് യാത്രചെയ്യുന്നവൻ നടന്നുപോകുന്നവനോടും, നടക്കുന്നവൻ ഇരിക്കുന്നവനോടും, കുറച്ചുള്ളവർ അധികമുള്ളവരോടുമാണ് സലാം പറയേണ്ടത് (ബു.മു) ഇതും വിനയമുണ്ടാക്കുന്നതിനും അഹങ്കാരം മാറ്റുന്നതിനും വേണ്ടിയാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും കൂട്ടുകാരനെ കണ്ടുമുട്ടിയാൽ അവനോട് സലാം പറഞ്ഞു കൊള്ളട്ടെ. അവർക്കിടയിൽ വൃക്ഷമോ മതിലോ കല്ലോ മറയിട്ടതിനുശേഷം വീണ്ടും കണ്ടുമുട്ടിയാലും സലാം പറയണം. അതായത് ഒരു പ്രാവശ്യം മാത്രം സലാം പറഞ്ഞാൽ പോരാ. വീണ്ടും കാണുമ്പോൾ വീണ്ടും സലാം പറയണം. നിങ്ങളിലുള്ള എല്ലാ അഴുക്കുകളും വൃത്തിയാകും വിധം അധികമധികമായി സലാം നടപ്പിൽ വരുത്തേണ്ടതാണ്.

ഹസ്റത്ത് ഉസാമാബിൻ സയ്ദ് (റ) നിവേദനം ചെയ്യുന്നു. നബി (സ) ഒരിക്കൽ ബിംബാരാധകരായ ബഹുദൈവവിശ്വാസികളും ജൂത ൻമാരും മുസ്ലിംകളും കൂടിക്കലർന്ന ഒരു സദസ്സിലൂടെ നടന്നുപോയപ്പോൾ അവരോട് സലാം പറഞ്ഞു. (ബു.മു)

നബി (സ) ഒരാളേയും ഒഴിച്ചുനിറുത്താതെ എല്ലാവർക്കും സലാം പറയുകയാണ് ചെയ്തത്. മുസ്ലിംകൾക്ക് മാത്രം സലാം എന്നല്ല പറഞ്ഞത്. എന്നാൽ ഇന്നത്തെ മുല്ല പറയുന്നത് ഇന്നയാൾക്ക് സലാം പറയുക, ഇന്നയാളോട് സലാം പറയരുത് എന്നാണ്. അതുകൊണ്ട് അഹ്മദികളായ നിങ്ങളും ഈ സമൂഹത്തിൽ ഒരു മടിയും കൂടാതെ ജനങ്ങൾക്ക് സലാം പറയുക. അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കികൊടുക്കുക. അവർ നിങ്ങളോട് സലാം പറഞ്ഞാൽ നിങ്ങളും അവർക്ക് സലാം പറയേണ്ടതാണ്. അടുത്ത കൂട്ടുകാരാണെങ്കിൽ കാണുമ്പോൾ തന്നെ സലാം പറയുകയും ചെയ്യും. അവർക്കത് അറിയുകയും ചെയ്യാം. ഇവിടെത്ത തദ്ദേശവാസികൾ ഇന്നലെ എന്നോട് സലാം പറഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. അതുകൊണ്ട് ഇത് എല്ലാവർക്കും പറഞ്ഞുകൊടുക്കേണ്ടതാണ്. ഇതിന്റെ അർത്ഥവും പറഞ്ഞുകൊടുക്കുക, ഇസ്ലാമിക അധ്യാപനങ്ങളുടെ ഗുണങ്ങൾ ജനങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി. ഇതുമുഖേന ദഅ്വത്തെ ഇലല്ലായുടെ വഴിയും നിങ്ങൾക്കായി തുറക്കുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇതെങ്ങനെയാണ് നിറവേറ്റിയെന്നതിനെസംബന്ധിച്ച് പറയട്ടെ.

ഖാസിമുഹമ്മദ് യൂസുഫ് സാഹിബ് പറയുന്നു: ഹസ്റത്ത് മസീഹ് മൗഊദ് (അ) മജ്ലിസുകളിൽ നിന്ന് അല്പസമയത്തേക്ക് എഴുന്നേറ്റ് പോയാലും ഉടനെ തിരിച്ചുവന്നാലും, പോകുമ്പോഴും വരുമ്പോഴും അസ്സലാമുഅലൈക്കും പറയുമായിരുന്നു.

ഹാഫിസ് മുഹമ്മദ് ഇബ്റാഹീം സാഹിബ് (റ) ഖാദിയാൻ പറയുന്നു. മിക്കപ്പോഴും ഹസ്റത്ത് മസീഹ് മൗഊദ് (അ) മറ്റുള്ളവരേക്കാൾ മുമ്പേ അസ്സലാമു അലൈക്കും പറയാറുണ്ടായിരുന്നു.

ഇതെല്ലാം തന്നിൽ വിശ്വാസമർപ്പിക്കുന്നവരോടുള്ള സ്നേഹത്തിന്റെ ഫലമായിരുന്നു. എന്നുമാത്രമല്ല ആരൊക്കെകൂടി ഇരുന്നാലും ഈ രീതിയിൽ അവിടന്ന് സലാം പറയുമായിരുന്നു. അല്ലാഹുവിന്റെ അടിയാറുകളോടും സഹാനുഭൂതിയോടെ പെരുമാറിയിരുന്നു. ആ വികാരത്തോടെ സലാമിനെ വ്യാപിപ്പിക്കുമായിരുന്നു.

അവിടന്ന് പറയുന്നു: ഇക്കാലത്തെ മിക്ക സമ്പന്നന്മാരുടെയും അവസ്ഥ ഏറ്റവും മോശപ്പെട്ടതാണ്. തങ്ങൾ തിന്നുന്നതിനും കുടിക്കുന്നതിനും കുഴപ്പമുണ്ടാക്കുന്നതിനും കുറ്റകൃത്യം ചെയ്യുന്നതിനും വേണ്ടി സൃഷ്ടിക്കപ്പെ ട്ടവരാണെന്നാണ് അവർ കരുതുന്നത്. ദീനീപരമായ കാര്യങ്ങളിൽ അവർ അജ്ഞരാണ്. തഖ്വ അവരിൽ ഇല്ലേ ഇല്ല. അഹങ്കാര

വും ഡംഭും അവരിൽ നിറഞ്ഞിരിക്കുന്നു. ഒരു സാധു അവരോട് അസ്സലാമു അലൈക്കും പറഞ്ഞാൽ, അതിനു മറുപടിയായി വഅലൈക്കുമുസ്സലാം എന്നു പറയുന്നത് നാണക്കേടായി അവർ മനസ്സിലാക്കുന്നു. എന്നുമാത്രമല്ല ദരിദ്രന്റെ വായിൽ നിന്ന് ഇത്തരം വാക്യങ്ങൾ വരുന്നത് തങ്ങൾക്ക് അപമാനമാണെന്ന് അവർ കരുതുന്നു. വാസ്തവത്തിൽ ഇസ്‌ലാമിന്റെ ആരംഭകാലത്തുണ്ടായിരുന്ന വലിയ വലിയ രാജാക്കൻമാർ അസ്സലാമുഅലൈക്കും കേൾക്കുന്നത് അഭിമാനമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. അതായത് തങ്ങളുടെ അന്തസ്സിന് കുറവായി കണ്ടിരുന്നില്ല. എന്നാൽ ഇവർ രാജാക്കൻമാരല്ല എന്നിട്ടും 'സമാധാനത്തോടെ ജീവിക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ' എന്ന പ്രിയപ്പെട്ട പ്രാർത്ഥനയായ അസ്സലാമുഅലൈക്കും എന്നതിനെ അപമാനമായി കരുതാൻ അവരുടെ അഹങ്കാരം അവരെ പ്രേരിപ്പിക്കുന്നു. കാലം എത്രത്തോളം മാറി എന്നുനോക്കേണ്ടതാണ്. എല്ലാ ഇസ്‌ലാമിക ചിഹ്നങ്ങളേയും നിന്ദാദൃഷ്ടിയോടെയാണ് ജനങ്ങൾ ഇന്ന് നോക്കികാണുന്നത്. അതുകൊണ്ട് ഓരോ അഹ്മദിയും അവർ അഹ്മദിയാണെന്ന് തിരിച്ചറിയും വിധം ഈ ഇസ്‌ലാമിക ചിഹ്നത്തെ നടപ്പിൽ വരുത്തേണ്ടതാണ്. ഇതിനുവേണ്ടി സ്വയം പരിശ്രമിക്കുകയും ഭാര്യാമക്കളോടു പറയുകയും ചെയ്യേണ്ടതാണ്.

ജൽസയുടെ ദിനങ്ങളിൽ അധികമായി ദുആ ചെയ്യുകയും ജൽസ പരിപാടികൾ കേൾക്കുന്നതിന് സമയം ചെലവഴിക്കുകയും ചെയ്യുന്നതിനോടൊപ്പം കണ്ടുമുട്ടുന്ന ഓരോരുത്തരോടും സലാമും പറയുക; ഒത്തൊരുമിച്ച് ജീവിക്കുന്നതിനും ആത്മീയമായ ഉന്നതിയ്ക്കും ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നിർദ്ദേശപ്രകാരം സ്നേഹവും സാഹോദര്യബന്ധവും ഊട്ടി ഉറപ്പിക്കുന്നതിനുംവേണ്ടി സമ്മേളിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ, ആ ബന്ധം ശക്തിപ്പെടുത്തുന്നതിനായി സലാം പറയുകയും ചെയ്യുക. അതായത് സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുക.

ദുൻയാവിലെല്ലായിടത്തും അഹ്മദികൾ പരിശുദ്ധ ഹൃദയത്തോടെ സലാം പറയാൻ തുടങ്ങിയാൽ ഈ സൂക്ഷ്മതയും ദുആയും കാരണത്താൽ എത്രയും വേഗം അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി നിങ്ങൾ കാണുന്നതാണ് ഇൻശാഅല്ലാഹ്.

ഇന്ന് ലോകത്ത് പലയിടത്തും ജൽസ നടക്കുന്നുണ്ട്. അവിടെയെല്ലാം സമാധാനത്തിന്റെ സന്ദേശം നിറയ്ക്കാൻ ശ്രമിക്കുക. ഈ രാഷ്ട്രങ്ങളിൽ ഇസ്‌ലാമിന്റെ സമാധാനപരവും ശാന്തി ഉൾക്കൊള്ളുന്നതുമായ സന്ദേശം നിങ്ങൾ പരത്തുമ്പോൾ, ഞാൻ ആദ്യം പറഞ്ഞതുപോലെ ദഅ്‌വത്തെ ഇലല്ലായുടെ പ്രവർത്തനത്തിലും എളുപ്പമുണ്ടാകും. ജനങ്ങളുമായി ബന്ധപ്പെടുന്നതിലും എളുപ്പമുണ്ടാകും. നിങ്ങൾക്ക് ഇവിടെ വസിക്കാനും സമ്പാദിക്കാനും നിങ്ങളുടെ അവസ്ഥ നന്നാക്കിത്തീർക്കാനും സൗകര്യം ചെയ്തുകൊണ്ട് ഇവർ നിങ്ങളോടു ഔദാര്യം ചെയ്തിരിക്കുകയാണ്. ഇവിടത്തെ അപേക്ഷിച്ച് നിങ്ങളുടെ സ്വന്തം നാട്ടിൽ നിങ്ങളിൽ പലരുടെയും അവസ്ഥ നല്ലതായിരുന്നില്ല. അതുകൊണ്ട് ഈ ഉപകാരത്തിന് പ്രത്യുപകാരം ചെയ്യൽ ഈ രാജ്യത്ത് വസിക്കുന്ന ഓരോ അഹ്മദിയുടെയും നിർബന്ധ കടമയാണ്. അതിനുവേണ്ടി, ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാലത്ത് ശരിയായ നിലയിൽ അവതരിപ്പിച്ചിട്ടുള്ള ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ഇസ്‌ലാമിന്റെ സമാധാന സന്ദേശം അവർക്കു എത്തിച്ചുകൊടുക്കേണ്ടതാണ്. ഓരോ അഹ്മദിയും ഈ സന്ദേശം ലോകത്തു പരത്തേണ്ടതാണ്.

അല്ലാഹു തആല ഓരോ അഹ്മദിക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ.

അല്ലാഹു തആല, ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് ഇൽഹാമിലൂടെയും സ്വപ്നത്തിലൂടെയും അസ്സലാമുഅലൈക്കും പറഞ്ഞുകൊണ്ട് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്.

ഇപ്പോൾ ഞാനൊരു സ്വപ്നത്തെക്കുറിച്ച് പറയുകയാണ്. അവിടന്ന് എഴുതുന്നു. ഞാൻ സ്വപ്നത്തിൽ കണ്ടു. ഒന്നാമതായി ആരോ എന്നോട് എന്റെ പേര് ഫതഹും സഫറുമാണെന്ന് പറയുന്നു. അതിനുശേഷം *അസ്‌ലഹല്ലാഹു അംരീ കുല്ലഹൂ* അല്ലാഹു എന്റെ എല്ലാ പ്രവൃത്തികളും നന്നാക്കിത്തരുമാറാകട്ടെ എന്ന വാക്കുകൾ എന്റെ നാവിലൂടെ പുറപ്പെട്ടു.

പിന്നീട് പള്ളി സമാനമായ ഒരു വീട്ടിൽ ഞാൻ എന്നെ കണ്ടു. ഒരു അലമാരയുടെയടുക്കൽ ഞാൻ നില്ക്കുകയാണ്. ഹാമിദലിയും നിൽപുണ്ട്. ഇത്രയുമായപ്പോൾ മിയാ അബ്ദുല്ലാ ഗസ്നവി അവിടെ ഇരിക്കുന്നതു ഞാൻ കണ്ടു. എന്റെ സഹോദരൻ മിർസാ ഗുലാം ഖാദിറും അവിടെ ഇരിപ്പുണ്ട്. അപ്പോൾ ഞാൻ അടുത്ത് ചെന്ന് അവരോട് അസ്സലാമു അലയ്ക്കും എന്നു പറഞ്ഞു. അവരും അലയ്ക്കുമസ്സലാം എന്നു പറഞ്ഞു. ദുആകൾ അടങ്ങിയ ഒരുപാട് വാക്കുകൾ അതിനോടൊപ്പം ചേർത്തു പറയുകയും ചെയ്തു. അവയിൽ ഈ വാക്കുകൾ മാത്രമെ ഓർമയുള്ളു. അഖ്ഢറക്കല്ലാഹു അവർ പറഞ്ഞ വാക്കുകൾ ഇതു മാത്രമെ ഓർമയുള്ളൂ. അതായത് നിന്റെ അല്ലാഹു സഹായിയായിരിക്കട്ടെ. നിനക്കു വിജയമുണ്ടാകട്ടെ. പിന്നീട് ഞാൻ ആ മജ്‌ലിസിൽ ഇരുന്നു. പറഞ്ഞു അതായത് ഞാൻ സ്വപ്നവും കണ്ടു, ആർക്കോ ഞാൻ അസ്സലാമു അലയ്ക്കും പറഞ്ഞു. അയാൾ മറുപടി പറഞ്ഞു: വ അലയ്ക്കുമുസ്സലാം വസ്സഫ്ർ

അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) മുഖേനയുള്ള അല്ലാഹുവിന്റെ ഈ സലാമിനെ സമ്പാദിക്കാൻ ശ്രമിക്കേണ്ടത് ഓരോ അഹ്മദിയുടെയും കടമയാണ്. ഈ സലാം ഹസ്റത്ത് മസീഹ് മൗഊദ്

(അ) നും അവിടത്തെ ജമാഅത്തിനും ഉള്ളതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ദേശ്യം ഒരു പരിശുദ്ധ ജമാഅത്തിന്റെ രൂപീകരണമാണ്. ശുഭപര്യവസാനവും ജമാഅത്തിന് വിധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ ഓരോ അഹ്മദിയും വ്യക്തിപരമായ നിലയിലും സലാം വ്യാപകമാക്കിക്കൊണ്ട് ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകേണ്ടതാണ്. അല്ലാഹു നല്കിയ വിജയത്തിന്റെ സുവാർത്തയിൽ എല്ലാവരും ഭാഗഭാക്കാകേണ്ടതാണ്.

അതുകൊണ്ട് ഞാൻ വീണ്ടും പറയുകയാണ്, ഈ സമാധാന സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക. പരസ്പരം സത്യവിശ്വാസികളായിക്കൊണ്ട് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുക. അല്ലാഹുവിന്റെ അനശ്വരമായ സ്വർഗ്ഗത്തിന് അവകാശികളായിത്തീരുക. അവിടെ സമാധാനം, സമാധാനം മാത്രമാണുള്ളത്. അല്ലാഹു ഇതിനെല്ലാം നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 03- 09- 2004 at**
**Switzerland.**

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**